
നാട്ടുവർത്തമാനം

നടപടിക്രമങ്ങൾ നീണ്ടു; സ്ഥലവും രേഖയും കൈമാറിയില്ല

പുതിയ സെൻട്രൽ മാർക്കറ്റ് പദ്ധതി നഷ്ടമാകുമോ





ഫണ്ട് കോട്ടയ്ക്കൽ നഗരസഭയ്ക്ക് കൈമാറാൻ നീക്കം

ഒരുമാസത്തിനുള്ളിൽ നടപടിയുണ്ടാവണം

പദ്ധതി ഇങ്ങനെ

...പഴക്കറിമാർക്കറ്റ്: യോഗത്തിൽ പങ്കെടുക്കില്ല -കോഡിനേഷൻ കമ്മിറ്റി

...നിശ്ചിതവർഷത്തെ നടത്തിപ്പിനുശേഷം കോർപ്പറേഷന് കൈമാറുന്ന രീതി... ...ടീ മുന്നോട്ടുപോകാനാണ് കോർപ്പറേഷന്റെ ശ്രമം.

ഓണവൈബിന്റെ ചടുലതയുമായി ഹരിശങ്കർ



ശ്രീകണ്ഠേശ്വര ക്ഷേത്രത്തിൽ ചതയദിനാഘോഷങ്ങൾക്ക് തുടക്കമായി

കോഴിക്കോട് ▸ 172-ാം ശ്രീനാരായണ ഗുരുജയന്തി ആഘോഷത്തിന്റെ ഭാഗമായി ശ്രീകണ്ഠേശ്വര ക്ഷേത്രയോഗം ചതയദിനാഘോഷ ജ്യോതി തെളിയിക്കലും വനിതാസമ്മേളനവും നടത്തി.

ശ്രീകണ്ഠേശ്വരക്ഷേത്ര യോഗം പ്രസിഡന്റും മാതൃഭൂമി ചെയർമാനും മാനേജിങ് എഡിറ്ററുമായ പി.വി. ചന്ദ്രൻ നാരായണഗുരുവിന്റെ ഛായാചിത്രത്തിനു മുൻപിൽ ചതയാഘോഷ ജ്യോതി തെളിയിച്ച് ചടങ്ങിന് തുടക്കംകുറിച്ചു.

തുടർന്ന് ശ്രീകണ്ഠേശ്വര... നേതൃത്വത്തിൽ ഭജന നടത്തി. വനിതാസമ്മേളനത്തിൽ സാംസ്കാരികപ്രവർത്തകൻ ശ്രീനിവാസൻ ചെറുകുളത്തൂർ മുഖ്യപ്രഭാഷകനായി. നാരായണ ഗുരുവിന്റെ ദർശനങ്ങളുടെ കാലികപ്രസക്തിയെക്കുറിച്ച് സംസാരിച്ച അദ്ദേഹം മാനവികതയെ മുറുകെപ്പിടിച്ചുകൊണ്ട് വൈവിധ്യങ്ങളെ അംഗീകരിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സ്ത്രീവിദ്യാഭ്യാസത്തിന് ഗുരു നൽകിയ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം ഓർമിപ്പിച്ചു. വനിതാകമ്മിറ്റി കൺവീനർ രമാ പ്രഭാകർ അധ്യക്ഷയായി.

പി.വി. ചന്ദ്രൻ സമ്മാനദാനം നിർവഹിച്ചു. വിനയകുമാർ പുന്നത്ത്, ഷീബാ സദാശിവൻ, ശ്രീജ ഭാഗ്യനാഥ്, പ്രസീതാ ഗംഗാധരൻ, എം. രാജൻ എന്നിവർ പങ്കെടുത്തു. ആഘോഷങ്ങൾ വെള്ളിയാഴ്ചയും തുടരും.



വിവാഹം

തലശ്ശേരി ▸ കൊല്ലം പട്ടത്താനത്ത് സായ് കൃഷ്ണയിൽ വിജയസായി ബാലകൃഷ്ണന്റെയും എ.എം. ഹീരാ രത്നത്തിന്റെയും മകൻ കിഷൻ വിജയും തലശ്ശേരി പാലയാട് നന്ദനത്തിൽ അഡ്വ. ശരേഷ് കുമാറിന്റെയും പി.വി. വീണയുടെയും മകൾ ഗോപികയും വിവാഹിതരായി.

ബീച്ചിൽ നടപ്പാതയിൽ വാഹനം നിർത്തിയിട്ടാൽ ക്രെയിൻ ഉപയോഗിച്ച് നീക്കും

കോഴിക്കോട് ▸ കോഴിക്കോട് ബീച്ച് റോഡിലും സമീപ പ്രദേശങ്ങളിലും നടപ്പാതകൾ കൈയേറി വാഹനം പാർക്ക് ചെയ്താൽ പോലീസ് ക്രെയിൻ ഉപയോഗിച്ച് നീക്കംചെയ്യും. പിഴയും ചുമത്തും. നടപ്പാതകളിലും കാൽനടയാത്രക്കാർക്കായി നീക്കിവെച്ച സ്ഥലങ്ങളിലും വാഹനങ്ങൾ നിർത്തിയിടുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് നടപടി.

പ്രധാന നിർദേശങ്ങൾ:

*ബീച്ചിലെ നടപ്പാതകൾ, സൈക്കിൾ ട്രാക്കുകൾ, കാൽനടയാത്രക്കാരുടെ വഴികൾ എന്നിവിടങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടില്ല.

* ഗതാഗതത്തിനും കാൽനടയാത്രക്കാർക്കും തടസ്സമാവുന്ന രീതിയിൽ വഴിയോരക്കച്ചവടങ്ങൾ നടത്തിയാൽ കർശന നടപടി

* നഗരത്തിലും ബീച്ച് പരിസരത്തും ഒരുക്കിയിട്ടുള്ള സൗജന്യ പാർക്കിങ് കേന്ദ്രങ്ങളും അനുവദനീയമായ പാർക്കിങ് സ്പോട്ടുകളും പരമാവധി പ്രയോജനപ്പെടുത്തണം.

ആവണി അവിട്ടം ആഘോഷിച്ചു

കോഴിക്കോട് ▸ തളി ബ്രാഹ്മണ സമൂഹമഠത്തിന്റെ നേതൃത്വത്തിൽ ആവണി അവിട്ടം (യജുർവേദ ഉപാകർമം) ആഘോഷിച്ചു. ആഘോഷത്തിന്റെ ഭാഗമായി ബ്രഹ്മയജ്ഞം, ദേവഋഷി തർപ്പണം, മഹാസങ്കല്പം എന്നീ കർമങ്ങൾ നടത്തി. ചടങ്ങിന് തളി ബ്രാഹ്മണസമൂഹം മുഖ്യപുരോഹിതൻ രഘു വാധ്യാർ മുഖ്യകാർമികത്വംവഹിച്ചു. എൻ.കെ. വെങ്കിടാചല വാധ്യാർ, ശ്രീരാം ഘനപാഠികൾ, കൃഷ്ണമൂർത്തി വാധ്യാർ, ശ്രീനാഥ് ശർമ, ജയശങ്കര ശർമ എന്നിവർ സഹകാർമികത്വം വഹിച്ചു. തളി ബ്രാഹ്മണസമൂഹം പ്രസിഡന്റ് വി.പി. രവി, എ.എസ്. വിവേകാനന്ദൻ, പി. ധർമരാജൻ, ആർ. വിശ്വനാഥ് എന്നിവർ നേതൃത്വം നൽകി.



കോഴിക്കോട് തളി ബ്രാഹ്മണസമൂഹമഠത്തിൽ നടന്ന യജുർ ഉപാകർമത്തിലെ (ആവണി അവിട്ടം) യജ്ഞോപവീതധാരണ കർമം (പൂണൂൽ മാറ്റൽ കർമം)



...ത്തെ നെഞ്ചേറ്റാൻ..!

...റെയിൽവേ സ്റ്റേഷൻ മൂന്നാംപ്ലാറ്റ്ഫോമിൽ നടക്കുന്ന നവീകരണങ്ങളുടെ ഭാഗമായി നിർമാണം പുരോഗമിക്കുന്ന അഞ്ചുനില ...ക്കിങ് ഏരിയയിൽ നട്ടുച്ചയ്ക്ക് വെൽഡിങ് ജോലിചെയ്യുന്ന തൊഴി... |ഫോട്ടോ: പി.പി. ബിനോജ്

മിൽമ ഡ്രൈവ് ഇൻ പാർലർ പ്രവർത്തനം വിപുലീകരിക്കും -കെ.എസ്. മണി

കുന്ദമംഗലം ▸ മിൽമ ഡ്രൈവ് ഇൻ പാർലർ പ്രവർത്തനം കൂടുതൽ വിപുലമാക്കുമെന്ന് മിൽമ ചെയർമാൻ കെ.എസ്. മണി. കോഴിക്കോട് കോട്ടാംപറമ്പിലെ മിൽമ-എം.ആർ.ഡി.എഫ്. ഡ്രൈവ് ഇൻ പാർലർ കഫെറ്റീരിയയുടെ നാലാംവാർഷികവും ഓണാഘോഷപരിപാടികളും ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം.

കൂടുതൽ സ്ഥലങ്ങളിലേക്ക് മിൽമ ഡ്രൈവ് ഇൻ പാർലർ പ്രവർത്തനം വ്യാപിപ്പിക്കുമെന്നും കെ.എസ്. മണി പറഞ്ഞു. മിൽമയുടെ കേരളത്തിലെ ആദ്യ ഡ്രൈവ് ഇൻ പാർലറാണ് കോട്ടാംപറമ്പിലേത്.

മിൽമയുടെ സഹോദരസ്ഥാപനമായ മലബാർ റൂറൽ ഡിവലപ്പ്മെന്റ് ഫൗണ്ടേഷനുമായി സഹകരിച്ച് എം.ആർ.ഡി.എഫ്. കോമ്പൗണ്ടിലാണ് പാർലർ പ്രവർത്തിക്കുന്നത്.

ഡിസ്കൗണ്ട് സെയിലിന്റെ ഉദ്ഘാടനം മലബാർ മിൽമ മാനേജിങ് ഡയറക്ടർ എൻ.കെ. പ്രേംലാൽ നിർവഹിച്ചു.

എം.ആർ.ഡി.എഫ്. ട്രസ്റ്റി അംഗങ്ങളായ സത്യൻ, കെ. നാരായണക്കുറുപ്പ്, എം.ആർ.ഡി.എഫ്. സി.ഇ.ഒ. ജോർജ്കുട്ടി ജേക്കബ്, മലബാർ മിൽമ മാർക്കറ്റിങ് മാനേജർ എം. സജീഷ് എന്നിവർ സംസാരിച്ചു.

അനിൽകുമാർ, എൻ.പി. രൂപേഷ്, പി.ആർ. സന്തോഷ് കുമാർ എന്നിവർ പങ്കെടുത്തു.

...തിയങ്ങാടി-മാളിക്കടവ്-കുണ്ടൂപ്പറമ്പ് റോഡ്

...സ്റ്റേ നീക്കി; സ്ഥലമേറ്റെടുപ്പ് നടപടികൾ തുടരും

...ഴിക്കോട് ▸ പുതിയങ്ങാടി-മാളിക്ക... കൃഷ്ണൻ നായർ റോഡ് വീതികൂട്ടു...ന്റെ ഭാഗമായുള്ള സ്ഥലമേറ്റെടു... നടപടികൾക്കുള്ള ഹൈക്കോടതി ...നീക്കി. ഇതോടെ സ്ഥലമേറ്റെടുപ്പ് ...പ്പെടെ റോഡിന്റെ നവീകരണത്തി...ള്ള നടപടികൾ തുടരും. ഗതാഗത ...രുക്കിൽ വീർപ്പുമുട്ടുന്ന റോഡിന്റെ ...വീകരണത്തിനായി പ്രതിഷേധവും ...രങ്ങളുമായി ആറുപതിറ്റാണ്ടായി ...ത്തിരിക്കുന്ന നാട്ടുകാർക്ക് വീണ്ടും ...തീക്ഷ.

...റോഡ് വീതികൂട്ടുന്നതിനായി സാമൂ...കാഘാതപഠനം ഉൾപ്പെടെ നടത്തി ...പ്പോർട്ട് നൽകിയിരുന്നു. സർക്കാർ ...നുമതി ലഭിച്ചതോടെ തുടർനടപടി ...ളുമായി മുന്നോട്ടുപോകുന്നതിനിടെ ...ണ് കൃഷ്ണൻ നായർ റോഡിലെ ഒരു ...ഥലമുടമയായ രാജേന്ദ്രൻ നമ്പ്യാർ ...ഹൈക്കോടതിയെ സമീപിച്ച് സ്റ്റേവാ...ങിയത്. ഇതോടെ റോഡുവികസനം ...ന്നെയും അനന്തമായി നീളുകയാ...രുന്നു.


...കൃഷ്ണൻ നായർ റോഡരികിൽ കുത്തനെ അഞ്ചരമീറ്റർ ഉയരത്തിലാണ് വീടുനിൽക്കുന്നതെന്നും റോഡിനായി മണ്ണിടിച്ചാൽ വീടുതന്നെ തകർന്നുവീഴുമെന്ന സ്ഥിതിയാണെന്നും കാണിച്ചാണ് രാജേന്ദ്രൻ നമ്പ്യാർ കോടതിയെ സമീപിച്ചത്. റോഡിനായി അടയാളപ്പെടുത്തിയ സ്ഥലവും വീടും തമ്മിൽ ചെറിയവ്യത്യാസം മാത്രമേയുള്ളൂ. വീടുൾപ്പെടെ ബാക്കിയുള്ള സ്ഥലംകൂടി ഏറ്റെടുക്കുന്നതുൾപ്പെടെ ഉചിതമായ എന്തുപരിഹാരമുണ്ടായാലും സഹകരിക്കുമെന്നും അദ്ദേഹം അറിയിച്ചിരുന്നു.


തുടർന്ന്, മുൻ എം.എൽ.എ. തോട്ടത്തിൽ രവീന്ദ്രൻ ഉൾപ്പെടെയുള്ളവരുമായി നടത്തിയ ചർച്ചയിലും അദ്ദേഹം ഇക്കാര്യം വ്യക്തമാക്കി. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഇദ്ദേഹത്തിന്റെ വീടും ബാക്കിസ്ഥലവുംകൂടി ഏറ്റെടുക്കാൻ എത്രതുകകൂടി ചെലവാകുമെന്ന് കണക്കാക്കി റിപ്പോർട്ടുനൽകാൻ ആവശ്യപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിലേക്ക് നൽകിയിട്ടുണ്ടെന്ന് സ്ഥലമേറ്റെടുപ്പ് ഡെപ്യൂട്ടി കളക്ടർ പറഞ്ഞു. ഉത്തരവ് വന്നാലുടൻ വേണ്ട നടപടികൾ സ്വീകരിക്കും. എന്തായാലും സ്റ്റേ നീക്കിയതോടെ സ്ഥലമേറ്റെടുപ്പിനുള്ള തുടർനടപടികൾ ആരംഭിച്ചിട്ടുണ്ട്.

എന്നാൽ, പരാതിക്കാരനായ സ്ഥലമുടമ രാജേന്ദ്രൻ നമ്പ്യാർ ഹൈക്കോടതിയിൽ നൽകിയ കേസ് പിൻവലിച്ചിട്ടില്ല. തന്റെ വീടും ബാക്കിയുള്ള സ്ഥലവും ഏറ്റെടുക്കുമെന്ന ഉത്തരവ് സർക്കാരിൽനിന്ന് ലഭിച്ചാലുടൻ കേസ് പിൻവലിക്കുമെന്ന് രാജേന്ദ്രൻ നമ്പ്യാർ പറഞ്ഞു.

1966-ൽ ടാറിങ് കഴിഞ്ഞ് ഏകദേശം പത്തുവർഷമായപ്പോൾ മുതൽ റോഡിന്റെ വികസനത്തിനായി ആവശ്യം ഉയർന്നുതുടങ്ങിയതാണ്. കാലംപോകുന്തോറും ഇടുങ്ങിയ റോഡ് വാഹനത്തിരക്കിൽ ഞെങ്ങിഞെരുങ്ങി. ഏറെക്കാലത്തെ ആവശ്യങ്ങൾക്കൊടുവിൽ, എ. പ്രദീപ് കുമാർ എം.എൽ.എ. ആയിരുന്ന സമയത്താണ് റോഡ് നവീകരണത്തിനായി 155.47 കോടി രൂപ അനുവദിച്ചത്. നാലരക്കി... ലോമീറ്ററോളം വരുന്ന റോഡ് 15 മീറ്ററായാണ് വീതികൂട്ടുക... ...തുമുള്ള 3.8614 ഹെക്ടർ സ്ഥലമാണ് 339 ...നവീകരണത്തിനായി ഏറ്റെടുക്കു... ...പേരുടെ ഭൂമി...







punjab national bank
അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
E-mail: cs8269@pnb.bank.in
സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്
ഇ-ലേല തീയതിയും സമയവും: 06-10-2026
03-10-2026
www.pnb.bank.in
തീയതി 28-08-2026